LIBRARY ARCHIVES Kerala Legislative Assembly

അവലോകനം ഒരു വർഷം രണ്ട് തവണയെങ്കിലും ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും നടത്തേണ്ടതാണ്. എം.എൽ.എ.-മാരുടെ പ്രത്യേക വികസനനിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി)നമ്പർ 161/2017/ധന ഉത്തരവിലെ ഖണ്ഡിക 5.4 പ്രകാരം പദ്ധതി സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നതിനായി സംസ്ഥാന ചീഫ് സെക്രട്ടറി/ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി വർഷത്തിൽ ഒരു തവണയിൽ കുറയാതെ ജില്ലാ കളക്ടർമാർ/എം.എൽ.എ.-മാർ എന്നിവരുമായി മീറ്റിംഗ് നടത്തുന്നതാണെന്നും ഇത്തരം മീറ്റിംഗുകളിൽ പദ്ധതി നടത്തിപ്പിൽ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയുമുൾപ്പെടുത്തി അവലോകന യോഗം എല്ലാ മാസവും കൂടുന്ന വിഷയം പരിശോധിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കലണ്ടർ സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ.ഉ.(അച്ചടി) നമ്പർ 119/2018/ധന ഉത്തരവിലെ അനുബന്ധം 3 പ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള കലണ്ടർ സംവിധാനം വിവരിച്ചിട്ടുണ്ട്.*

പ്രാദേശിക വികസന പദ്ധതിപ്രകാരം തൃശ്ശൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

65 (1789) ശ്രീ. പി. ബാലചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. പ്രാദേശിക വികസന പദ്ധതി പ്രകാരം തൃശ്ശൂർ മണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ; എത്ര തുക ഓരോ പദ്ധതികൾക്കും അനുവദിച്ചെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പൂർത്തികരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) അടിയന്തരമായി അവ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

പൂർത്തീകരിക്കാത്ത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

പ്രൊപ്പോസലുകൾക്ക് ഭരണാനുമതി

66 (1790) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ (2020-21) അവസാനപാദം വിവിധ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ മാതൃകാ പെരുമാറ്റചട്ടംമൂലവും തുടർന്ന് സാമ്പത്തിക വർഷം അവസാനിച്ചതുമൂലവും എം.എൽ.എ.-മാരുടെ പ്രത്യേക വികസനഫണ്ട്, നിയോജക ആസ്തിവികസന ഫണ്ട് എന്നീ പദ്ധതികളിലുൾപ്പെടുത്തി നൽകിയിരുന്ന പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകാൻ കഴിയാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം പ്രവൃത്തികൾക്ക് ഇനി ഭരണാനുമതി നൽകണമെങ്കിൽ സർക്കാരിന്റെ പ്രത്യേകാനുമതി കൂടിയേതീരൂ എന്നതിനാൽ ഇതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രത്യേക വികസന നിധിയിൻകീഴിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് 12-12-2018-ലെ സ.ഉ.(അച്ചടി)നമ്പർ 194/2018/ധന പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജക മണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കാവുന്നതാണ്. എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 2020-21 വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി 14-7-2021-ലെ സ.ഉ.(സാധാ.) നമ്പർ 4957/2021/ധന പ്രകാരം 31-12-2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly